# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3176

03/04/2013 - ലെ മറുപടിയ്ക്ക്

## വരൾച്ചാ നഷ്ടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.അജിത് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഈ വർഷത്തെ വരൾച്ചയിൽ വൈക്കം നിയോജക മണ്ഡലത്തിൽ കാർഷിക രംഗത്ത് എത്ര നഷ്ടമുണ്ടായിട്ടുണ്ടെന്ന് പഞ്ചായത്ത് തലത്തിലുള്ള കണക്കുകൾ ലഭ്യമാക്കുമോ ; | (എ) അനുബന്ധമായി ചേർക്കുന്നു. |
| (ബി) കാർഷിക രംഗത്തുണ്ടായ നഷ്ടം ഏതൊക്കെ മേഖലകളിലെന്ന് വ്യക്തമാക്കുമോ ; | (ബി) കാർഷിക രംഗത്ത് നെൽകൃഷി, വാഴ, പച്ചക്കറി എന്നിവയുടെ കൃഷി വിസ്തൃതി കുറയുകയും, വൈക്കം നിയോജക മണ്ഡലത്തിൽ മാത്രം മഴയുടെ കുറവ് മൂലം 1391 ഹെക്ടർ നിലം ഉപ്പ്വെള്ളം കയറി നെല്ല് നശിക്കുകയും ചെയ്തു. വെച്ചൂർ, തലയാഴം, ചെമ്പ്, റ്റി.വി.പുരം, ഉദയനാപുരം പഞ്ചായത്തുകളിലാണ് ഉപ്പുവെള്ള ഭീഷണി മൂലം നെൽകൃഷി നശിച്ചത്. |
| (സി) കൃഷിക്കാർക്ക് എന്ത് ആശ്വാസ നടപടികളാണ് വകുപ്പ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ? | (സി) വരൾച്ച മൂലം കൃഷി നാശം സംഭവിച്ചവരിൽ നിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള അപേക്ഷകൾ കൃഷി ഭവനുകൾ വഴി സ്വീകരിച്ചു വരുന്നു. കൂടാതെ വരൾച്ച മൂലമുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായി വിള നിർണ്ണയ സമിതി യോഗങ്ങളും പദ്ധതി ഉപദേശക സമിതി യോഗങ്ങളും കൂടുകയും, കർഷകർ മൂപ്പുകുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യാനും ജലസേചന പദ്ധതിയുടെ വാലറ്റ പ്രദേശങ്ങളിൽ നെൽകൃഷി ഒഴിവാക്കി ചോളം, പയർ തുടങ്ങിയ ജലം കുറവ് വേണ്ട വിളകൾ കൃഷി ചെയ്യുവാനും |

നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് വിള ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ എല്ലാ കർഷകർക്കും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാകാനും നിർദ്ദേശം നൽകിയിട്ടുണ്ട്.. സംസ്ഥാനമൊട്ടാകെ പൂർണ്ണമായും നെൽകൃഷി നശിച്ച കർഷ കർക്ക് വീണ്ടും കൃഷി ഇറക്കുന്നതിനായി 15,240 കിലോ നെൽവിത്ത് സംസ്ഥാന വിത്ത് വികസന അതോറിറ്റി വഴി നൽകിയിട്ടുണ്ട്. ജലസേചനം സുഗമ മാക്കുന്നതിന് തോടുകളും ചാലുകളും ആഴം കൂട്ടുന്നതിനും മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനും നടപടി കൾ സ്വീകരിച്ചു വരുന്നു. വരൾച്ചയുടെ ആഘാതം ലഘൂകരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളെപ്പറ്റി കർഷകർക്ക് ബോധവൽക്ക രണം, സാങ്കേതിക ഉപദേശം എന്നിവ നൽകുന്നുണ്ട്. വരൾച്ചമൂലം കാർഷിക വിളകൾക്ക് ഉണ്ടായ പ്രശ്നങ്ങൾ പരിഹരി ക്കുന്നതിന് ഒരു കർമ്മ പദ്ധതി തയ്യാറാക്കുന്നതിനായി കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരും കൃഷി ശസ്ത്രജ്ഞരും ഉൾപ്പെടുന്ന ഒരു കമ്മിറ്റി 07/01/2013 - ൽ കൂടുകയും പരിഹാര മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിലേക്കായി പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

## നാശം സംഭവിച്ച വിളകൾ (ഹെക്ടറിൽ)

| കൃഷി ഭവൻ | നെല്ല് | വാഴ | പച്ചക്കറി | ജാതി | തെങ്ങ് |
|---|---|---|---|---|---|
| വെച്ചൂർ | 1152 | 1 | | | |
| തലയാഴം | 169 | 1 | | | |
| ഉദയനാപുരം | 60 | 10 | | 1 | |
| ചെമ്പ് | 2 | 15 | 5 | | |
| ടി.വി.പുരം | 8 | 10 | | | 3 |
| മറവൻ തുരുത്ത് | | 2 | 1 | | |
| വൈക്കം മുനിസിപ്പാലിറ്റി | | 1 | | 0.1 | |
| **ആകെ** | **1391** | **40** | **6** | **1.1** | **3** |

സെക്ഷൻ ഓഫീസർ